ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി-2134/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തീയതി: 30.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുണ്ടൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മുണ്ടൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:1) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി-2134/2016 തിയ്യതി: 30.12.2016.

പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 15.2.16 മുതൽ 20-10.16 വരെയുള്ള രശീതികളുടെ പരിശോധനയും വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും ഓഡിറ്റിൽ പരിശോധിച്ചു.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം. |
|---|---|
| 11503104340 t0 11603103436 | 11503104340 t0 11603103436 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിന്റെ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി .കെ.വി.സുസ്മിത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.എ.ബി.സുരേഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി.ഷീജ.വി.ആർ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

ശ്രീ/ ശ്രീമതി.ഗീത സുരേഷ് . - 1.4.15 മുതൽ 31.10.15 വരെ

കമ്മിറ്റി - 1.11.15 മുതൽ 11.11.15 വരെ

ശ്രീ.എം.കെ.കുട്ടികൃഷ്ണൻ - 12.11.15 മുതൽ 31.3.16 വരെ

സെക്രട്ടറി

ശ്രീ.അബ്ദുൾ റഹ് മാൻ ഇ.എ - 1.4.15 മുതൽ 31.3.16 വരെ

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ബാലകൃഷ്ണൻ പുളിക്കൽ | 1.4.15 മുതൽ 31.3.16 വരെ |
| ശ്രീ.നന്ദകുമാർ | കൃഷി ഓഫീസർ | 1.4.15 മുതൽ 31.3.16 വരെ |
| ശ്രീ.മണികണ്ഠൻ.എൻ | വി.ഇ.ഒ. | 1.4.15 മുതൽ 31.3.16 വരെ |
| ശ്രീ.കേശവപ്രസാദ്.എൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 1.4.15 മുതൽ 31.3.16 വരെ |
| ശ്രീ.ടി.രാമകൃഷ്ണൻ | എച്ച്.എം | 1.4.15 മുതൽ 31.3.16 വരെ |
| ശ്രീമതി.പ്രീത.എൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 1.4.15 മുതൽ 31.3.16 വരെ |
| ഡോ.അർച്ചന.എൻ | എം.ഒ. പി.എച്ച്.സി | 1.4.15 മുതൽ 20.4.15<br>20.6.15 മുതൽ 11.11.15 |
| ഡോ.രോഹിണി.ജി. | “ | 21.4.15 മുതൽ 19.6.15<br>5.12.15 മുതൽ 31.3.16 |
| ഡോ.സായിശങ്കർ | “ | 12.11.15 മുതൽ 5.12.15 |
| ശ്രീ.ജയനിർമ്മല.ബി | എ.ഇ. | 1.4.15 മുതൽ 31.3.16 വരെ |
| ശ്രീ. കതിരേശൻ | വെറ്റിനറി സർജൻ | 1.4.15 മുതൽ 31.3.16 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | വരവ് | ചെലവ് |
|---|---|---|
| 19-3-2015 | 167056513 | 158831800 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 29.7.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി - 32686097

വരവ് - 43353798

ആകെ - 76039895

ചെലവ് - 61574423

നീക്കിബാക്കി - 14465472

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | മറ്റ് ഫണ്ടുകളിൽ നിന്നും പിൻവലിച്ച് നിക്ഷേപിച്ച തുക | തൻ വർഷ വരവ് | ആകെ | ചെലവ് | ലാപ്സായ അലോട്ട്മെന്റ് | നീക്കിയിരിപ്പ് (RP40 b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 5527981 | 6645438* | - | 12173419 | 12173419 | - | 0 |
| | Conso lidated fund (allotment) | | 10397000 | 10397000 | 3049767 | 7347233 | 0 |
| വികസന ഫണ്ട് എസ്. സി.പി | 5041486 | | - | 5041486 | 5041486 | - | 0 |
| | Conso lidated fund (allotment) | | 10397000 | 10397000 | 6715317 | 3681683 | |
| സംരക്ഷണ ഗ്രാന്റ് | 2057403 | | | 2057403 | 2057403 | | 0 |
| | Consoli dated fund (allotment) | | 8002000 | 8002000 | 6546693 | 1455307 | 0 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2489935 | 2311023 | - | 4800958 | 4800958 ( 3771449 tr.cr to plan(gl) | | 0 |
| | Conso lidated fund (allotment) | | 6446810 | | 5466419 | 98039 | |
| പെർഫോമൻസ് | 3407717 | | | 3407717 | 3407717 (2873989 tr.cr.to | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | plan(gl)) | | |
| ഗ്രാന്റ് | Conso lidated fund (allotment) | | 2873989 | 2873989 | 1078541 | 1795448 | 0 |

(*) വി.പി.എഫ്.എ 2 വിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്. -

From ലോകബാങ്ക് – 2873989

F.C – 3771449

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 180 | 146 | - | 34 | 81% |

ആവിഷ്കരിച്ച പദ്ധതികളുടെ 81% മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ലഭ്യമായ പദ്ധതിഫണ്ട് ലാപ്സാകുകയും ചെയ്തു.

# 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6331354 | 4132455 | 2198899 | - 34.73% |
| നികുതിയേതര വരവുകൾ | 282490 | 568978 | 286488 | 101.41% |
| മറ്റ് വരവുകൾ | 1004434 | 697285 | 307149 | - 30.58% |

# 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിതദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളിപെൻഷൻ | 17 | 14 | 3 | |
| 2 | വിധവാ പെൻഷൻ | 84 | 84 | | |
| 3 | വികലാംഗ പെൻഷൻ | 16 | 16 | | |
| 4 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 8 | 8 | | |
| 5 | വാർദ്ധക്യകാല പെൻഷൻ | 284 | 260 | 24 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-10-16 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 10728/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 6.9.2016 – 7.9.2016 | 8/2016 | -(6/16 വരെയുള്ള റിപ്പൊർട്ട് ലഭിച്ചു) | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 25-5-2006 – 7-6-2006 | 2005-2006 | 15-7-2006 | - |

## 1-11 അനുബന്ധ പത്രികകൾ

1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിനു കീഴിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ 2015-16 വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനം | വർഷം |
|---|---|---|
| 1 | മാവേലി സ്റ്റോർ, മുണ്ടൂർ | 2015-16 ഒന്നും രണ്ടും അർധവർഷം |
| 2 | അമ്ന ടയോട്ട , മുണ്ടൂർ | 2015-16 ഒന്നും രണ്ടും അർധവർഷം |
| 3 | അപ്പാരൽ ട്രെയിനിംഗ് & ഡിസൈൻ സെന്റർ , മുണ്ടൂർ | 2015-16 ഒന്നും രണ്ടും അർധവർഷം |
| 4 | ഇൻറഗ്രേറ്റഡ് റൂറൽ ടെക് നോളജി സെന്റർ,മുണ്ടൂർ | 2015-16 ഒന്നും രണ്ടും അർധവർഷം |
| 5 | സിമെറ്റ് കോളേജ് ഓഫ് നഴ്സിംഗ്,മുണ്ടൂർ | 2015-16 ഒന്നും രണ്ടും അർധവർഷം |

## 2-2 വീട്ടുവാടക, സിസിഎ, ടിഎ എന്നിവ തൊഴിൽ നികുതി കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്

പഞ്ചായത്തിലെ മിക്ക സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കണക്കാക്കിയതിൽ വീട്ടുവാടക ഉൾപ്പെടുത്തിയിട്ടുണ്ട്. 24-08-2005 ലെ പഞ്ചായത്ത് രാജ് ആക്ട് 1994/ sec.204 തൊഴിൽ നികുതി ഭേദഗതി പ്രകാരം വീട്ടുവാടക, സിസിഎ, ടിഎ എന്നിവ തൊഴിൽ നികുതി കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 2-3 ബൈലോ ഇല്ലാതെ പരസ്യ നികുതി പിരിക്കുന്നു

2015-16 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിനു പരസ്യ നികുതി ഇനത്തിൽ 200000/- രൂപ വരവുണ്ട്. ക്വട്ടേഷൻ ക്ഷണിച്ചതിൽ കൂടുതൽ തുക ക്വോട്ട് ചെയ്ത ശ്രീ. സുനിൽകുമാർ (തെക്കേതിൽ വീട്, മുട്ടിക്കുളങ്ങര, പാലക്കാട് ) എന്ന വ്യക്തിക്കാണ് നികുതി പിരിക്കുന്നതിനുള്ള അവകാശം നൽകിയിട്ടുള്ളത്. ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങാതെയാണ് ഗ്രാമപഞ്ചായത്ത് പരസ്യനികുതി പിരിക്കുന്നതിനുള്ള അവകാശം വളരെ ചെറിയ തുകയ്ക്ക് ഒരു സ്വകാര്യ വ്യക്തിക്ക് നൽകിയിട്ടുള്ളത്. എന്നാൽ കരാറുകാരൻ പരസ്യങ്ങൾ സ്ഥാപിക്കുന്നവരിൽ നിന്നും ഈടാക്കേണ്ട നിരക്ക് നിശ്ചയിച്ച് നൽകിയിട്ടില്ല. ബോർഡുകൾ, ബാനറുകൾ തുടങ്ങിയവ സ്ഥാപിച്ചതു സംബന്ധിച്ച വിവരങ്ങളും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. പരസ്യനികുതിയിനത്തിൽ കരാറുകാരന് ലഭ്യമാകുന്ന വരുമാനം എത്രയാണെന്നും വ്യക്തമല്ല.

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം നിർബന്ധമായും പിരിക്കേണ്ട നികുതികളുടെ ഗണത്തിലാണ് പരസ്യനികുതി ഉൾപ്പെടുത്തിയിട്ടുള്ളത്.പരസ്യനികുതി മാതൃകാ ബൈലോ പഞ്ചായത്ത് ഡയറക്ടറുടെ 18.05.05 ലെ സി.5-15253 / 2004 നമ്പർ സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരസ്യനികുതി ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങി നികുതി പിരിവ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ആസ്തികളുടെ ഉടമസ്ഥാവകാശരേഖകൾ സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വഴുക്കപ്പാറയിലുള്ള 2 ഏക്കറോളമുള്ള സ്ഥലം 2015-16 ൽ പ്ലാക്കൽ ബിൽഡിംഗ് മെറ്റീരിയൽസ് എന്ന സ്ഥാപനത്തിന് പ്രതിമാസം 15500/- രൂപ നിരക്കിൽ 11 മാസത്തേക്ക് 170500/- രൂപക്ക് ലീസിന് നൽകിയിട്ടുണ്ട്. ബിൽഡിംഗ് മെറ്റീരിയൽ സ്റ്റോക്ക് ചെയ്യുവാൻ സ്ഥലം അനുവദിക്കണമെന്ന അപേക്ഷ പരിഗണിച്ച് 13.1.16 ലെ ഭരണസമിതി സ്ഥലം നൽകുവാൻതീരുമാനിക്കുകയും 20-1-16 ന് കരാർ ചമക്കുകയും ചെയ്തു. എന്നാൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ(ആധാരം,വില്ലേജ് രേഖകൾ തുടങ്ങിയവ) ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സ്ഥലത്തിന് ആധാരമോ രേഖകളോ ഇല്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ഉടമസ്ഥാവകാശരേഖകളില്ലാത്ത സ്ഥലം ലീസിന് നൽകിയ നടപടി നിയമാനുസൃതമല്ല. ലേലനടപടികൾ സ്വീകരിക്കാതെ നേരിട്ട് ഒരു സ്ഥാപനത്തിന് സ്ഥലം വാടകയ്ക്ക് നൽകിയതും ക്രമപ്രകാരമല്ല. സ്ഥലത്തിന്റെ കൈവശാവകാശരേഖകൾ അധികാരികളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ച് സുതാര്യമായി മാത്രം വാടകയ്ക്ക് നൽകുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ - നിർമ്മിതിയെ ഏൽപ്പിച്ചത് നിയമാനുസൃതമല്ല

6. സെക്രട്ടറി നിർവഹണം നടത്തിയ പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ്, ഇലക്ട്രിഫിക്കേഷൻ എന്നീ പ്രവർത്തികൾ ടെണ്ടർ നടപടികൾ ഒഴിവാക്കി നിർമ്മിതി കേന്ദ്രം മുഖേനയാണ് നടത്തിയിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

A) പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ്(56/16),

അടങ്കൽ - 144000/-

ചെലവ് -ഡി.ഡി.നം - 275086/31.3.16 – 131600/- (നിർമ്മിതി കേന്ദ്രം)

- 275085/ 31.3.16 – 1400/- (kcwwf)

വാറ്റ് ചലാൻ - 5600

ആദായനികുതി - 1400

ആകെ - 140000/-

2. ഇലക്ട്രിഫിക്കേഷൻ (Rewiring)(55/16)

അടങ്കൽ - 430000/-

ചെലവ് - 430000/-

ഡി.ഡി.നം - 275095/31.3.16- 404200/-

വാറ്റ് - 17200/-

ആദായ നികുതി - 4300/-

ക്ഷേമനിധി - 4300/-

G.O.(R.T) 244/13/lsgd/30.1.11 പ്രകാരം നിർമ്മിതി കേന്ദ്രത്തിന്റെ തനതായ ടെക്നോളജി ഉപയോഗിച്ചുള്ള പ്രവർത്തികൾ മാത്രം അവരെ ഏൽപ്പിച്ചാൽ മതി എന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ, നെറ്റ് വർക്കിംഗ് തുടങ്ങിയ പ്രവൃത്തികൾ നിർമ്മിതി മുഖേന നടപ്പിലാക്കാവുന്നതല്ല.കൂടാതെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിലെ ഇല് ക്ട്രിക്കൽ വിംഗ്, എഞ്ചിനീയർമാർ ഉൾപ്പെടുന്ന കമ്മിറ്റി എന്നിവരാണ് എസ്റ്റിമേറ്റ് തയ്യാറാക്കൽ , സൂപ്പർവിഷൻ എന്നിവ നടത്തേണ്ടത്. സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി നിർമ്മിതി മുഖേന പദ്ധതി നടപ്പിലാക്കിയത് അംഗീകരിക്കാവുന്നതല്ല. സർക്കാർ സാധൂകരണം ലഭ്യമാകും വരെ നിർമ്മിതിക്ക് നൽകിയ ചെലവ് തുക 513041/- (നികുതികൾ ഒഴികെയുള്ള ചെലവ്) തടസ്സപ്പെടുത്തുന്നു.

DSR – 2014- with CP നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതും പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതും. കൂടാതെ പ്രവൃത്തിമൂല്യം കൂടാതെ നികുതികളും പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ജി.ഒ.പി.230/15/fin/16.6.15 പ്രകാരം സി.പി.നൽകാം എന്നതിനാലാണ് നിർമ്മിതിക്ക് സി.പി. നൽകിയത് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി നൽകിയത്. എന്നാൽ പ്രസ്തുത ഉത്തരവിൽ ആകെ എസ്റ്റിമേറ്റ് തുക PWD യുടെ എസ്റ്റിമേറ്റിൽ അധികരിക്കരുത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ DSR(withCP) പ്രകാരമുള്ള പ്രവൃത്തിമൂല്യം മാത്രമാണ് നൽകാവുന്നത്. നികുതി തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയതിനാൽ താഴെ പറയും പ്രകാരം 56959/- രൂപ അധികചെലവുണ്ടായി.

| പ്രവർത്തി | ആകെ പ്രവർത്തിമൂല്യം (MB പ്രകാരം) | ആകെ നൽകാവുന്നത് | നികുതി ഉൾപ്പെടെ ആകെ നൽകിയത് | അധികം നൽകിയത് |
|---|---|---|---|---|
| നെറ്റ് വർക്കിംഗ് | 126000 | 126000 | 140000 | 14000 |
| ഇലക്ട്രിഫിക്കേഷൻ | 387041 | 387041 | 430000 | 42959 |
| | | | | 56959 |

അധികം നൽകിയ 56959- നിർമ്മിതിയിൽ നിന്നോ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 3-2 കമ്പ്യൂട്ടർ പർച്ചേസിന് ഉയർന്ന നിരക്ക് നൽകി.

ഗ്രാമ പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടറൈസേഷനായുള്ള രണ്ട് പദ്ധതികൾക്കായി സെക്രട്ടറി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് നം | ഇനം | സ്ഥാപനം | ബിൽ നം | റേറ്റ് | റിമാർക്സ് |
|---|---|---|---|---|---|
| 136/ 16 | Acer-core I3- 2 GB ram, 500 | സിഡ്കോ | 18/29.10.15 – 99800/- | 41905 | Invoice – dt |

| | | | | | |
|---|---|---|---|---|---|
| | GB HDD, 18.5”monitor, windows 8pro – 2 എണ്ണം | | | | 9.10.15 |
| 204/16 | Acer-core I3- 4 GB ram, 500 GB HDD, 18.5”monitor, windows 8 | സ്മാർട്ട് ടെക്നോളജിസ് | ഡി.ഡി.നം - 275475/4.4.16 = 44225/- | 38500 | DGSD ഇനം -30 |

8/15 ൽ സിഡ്കോയിൽ നിന്നും Acer-core I3- 2 GB ram, 500 GB HDD, 18.5”monitor,windows 8 സ്പെസിഫിക്കേഷനുള്ള ഡെസ്ക്ടോപ്പ് 41905/- രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്.എന്നാൽ പ്രസ്തുത കാലയളവിൽ ഉയർന്ന സ്പെസിഫിക്കേഷനുള്ള (Acer-core I3- 4 GB ram, 500 GB HDD, 18.5”monitor,windows 8 ) ഡെസ്ക്ടോപ്പിന് ഡി.ജി.എസ്.ഡി നിരക്ക് 38500/-(3/15 മുതൽ 2/16 വരെയുള്ള കാലയളവിൽ) രൂപയാണ്. DGS&D നിരക്കിനേക്കാൾ അധികനിരക്കിൽ കുറഞ്ഞ സ്പെസിഫിക്കേഷനുള്ള സിസ്റ്റം വാങ്ങിയതിനാൽ പദ്ധതിഫണ്ടിന് കുറഞ്ഞത് 6810 രൂപ (3405x2) നഷ്ടമുണ്ടായിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് "സിഡ്കോയിൽ നിന്നും ടെണ്ടർ ക്ഷണിക്കാതെ വാങ്ങാമെന്നതിനാലാണ് വാങ്ങിയത് " എന്നാണ് മറുപടി നൽകിയത്.വ്യക്തമായ വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവ് തുക 99800/- തടസ്സപ്പെടുത്തുന്നു.നിരക്കുകൾ താരതമ്യം ചെയ്ത് വാർഷികപദ്ധതി നിർവഹണത്തിന് പരമാവധി നേട്ടമുണ്ടാകുന്ന തരത്തിൽ വാങ്ങൽ നടത്തേണ്ടത് നിർവഹണഉദ്യോഗസ്ഥന്റെ ചുമതലയാണ്. ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടാകാത്ത വിധത്തിൽ പർച്ചേസ് നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 കുടിവെള്ളയൂണിറ്റ് ഉപയോഗപ്രദമാക്കിയില്ല.

പ്രൊജക്ട് - പഞ്ചായത്ത് ഓഫീസിൽ കുടിവെള്ള യൂണിറ്റ് (59/16)

അടങ്കൽ - 100000/- (ലോക ബാങ്ക്)

ചെലവ് - 99500/-

ബിൽ നം - 14/28.9.15

നിർവഹണം - സെക്രട്ടറി

പഞ്ചായത്ത് ഓഫീസിൽ കുടിവെള്ള യൂണിറ്റ് എന്ന പദ്ധതി പ്രകാരം 99500/- രൂപ ചെലവഴിച്ച് (ഡി.ഡി. നം- 279709/1.10.15 ) Ceeyes Enterprises, palakkad എന്ന സ്ഥാപനത്തിൽ നിന്നും ശുദ്ധജലയൂണിറ്റ് വാങ്ങിയിട്ടുണ്ട്. ഹോട്ട്, കോൾഡ്, നോർമൽ വാട്ടർ ഡിസ്പെൻസിംഗ് സിസ്റ്റമാണ് വാങ്ങിയത്. 9/15 ൽ വാങ്ങിയ യൂണിറ്റിന് 1 വർഷം വാറണ്ടിയാണുള്ളത്. വാറണ്ടി കാലാവധി കഴിഞ്ഞെങ്കിലും യൂണിറ്റ് നാളിതുവരെ ഇൻസ്റ്റാൾ ചെയ്യുകയോ ഉപയോഗപ്രദമാക്കുകയോ ചെയ്തിട്ടില്ല. നാളിതുവരെ ഉപയോഗിക്കാത്ത യൂണിറ്റ് ഇൻസ്റ്റാൾ ചെയ്യുമ്പോൾ പ്രവർത്തനക്ഷമമല്ലാതെ വന്നാൽ ഇതിനായി ചെലവഴിച്ച തുക പാഴ്ചെലവാകുകയും ചെയ്യും. ഫ്രണ്ട് ഓഫീസ് നിർമ്മാണം പൂർത്തിയാക്കിയശേഷം യൂണിറ്റ് ഇൻസ്റ്റാൾ ചെയ്യുന്നതാണ് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത്. ഫ്രണ്ട് ഓഫീസ് കെട്ടിടത്തിൽ സ്ഥാപിക്കുന്നതിനായി കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിനും വർഷങ്ങൾക്കു മുൻപ് ഫണ്ട് ചെലവഴിച്ച് കുടിവെള്ളയൂണിറ്റ് വാങ്ങിയ നിർവഹണഉദ്യോഗസ്ഥന്റെ നടപടി അംഗീകരിക്കാവുന്നതല്ല. പെർഫോമൻസ് ഗ്രാന്റ് ചെലവഴിച്ച് വാങ്ങിയ കുടിവെള്ള യൂണിറ്റ് ഉപയോഗയോഗ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 എ.ബി.സി.പ്രോഗ്രാം - വിനിയോഗരേഖകൾ ഹാജരാക്കിയില്ല.

പ്രൊജക്ട് - Street dog birth control project (ABC പ്രോഗ്രാം)

അടങ്കൽ - 350000/- (പ്ലാൻഫണ്ട്)

ചെലവ് - 350000/ -

ഡി.ഡി.നമ്പർ -282021/2.3.16

നിർവഹണം - സെക്രട്ടറി

എ.ബി.സി.പ്രോഗ്രാമിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി 350000/- രൂപ സെക്രട്ടറി ജില്ലാപഞ്ചായത്തിന് (രസീതി നം. - 11524400062/10.3.16) നൽകിയിട്ടുണ്ട്. ജില്ലാപഞ്ചായത്ത് പദ്ധതി നടപ്പിലാക്കിയതിന്റെയും തുക ചെലവഴിച്ചതിന്റെയും രേഖകൾ നിർവഹണഉദ്യോഗസ്ഥൻ വാങ്ങി സൂക്ഷിച്ചിട്ടില്ല. പദ്ധതി തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

## 3-5 മാർഗരേഖയ്ക്ക് വിരുദ്ധമായി പോഷകാഹാരപദ്ധതി നടപ്പിലാക്കി.

ഗ്രാമപഞ്ചായത്തിലെ എച്ച്.ഐ.വി ബാധിതർക്ക് പോഷകാഹാരം നൽകുന്നതിനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം 2015-16 വർഷം മെഡിക്കൽ ഓഫീസർ 50005/- രൂപ പദ്ധതിഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് നം | അടങ്കൽ, ഫണ്ടിനം | ബിൽ നം/തിയതി, ചെലവ് തുക |
|---|---|---|
| 113/16 | 70000<br>പ്ലാൻ | 25/1/23.3.16, ₹15308<br>18/16/ 6.2.16, ₹11465<br>12/16/31.10.15 ₹5942<br>11/16/29.9.15 ₹17290 |
| ആകെ | | 50005 |

പദ്ധതി പ്രകാരം അരി, പയറുവർഗ്ഗങ്ങൾ തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ മാവേലി സ്റ്റോറിൽ നിന്നും വാങ്ങി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എച്ച്.ഐ.വി ബാധിതർക്ക് നൽകിയിട്ടുണ്ട്. സ.ഉ(എം.എസ്)നം.362/2013/LSGD തിയതി 16/11/2013 പ്രകാരമുള്ള 2014-15 ലേക്കുള്ള പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 16 ഖണ്ഡിക 7-1 ക്രമ നമ്പർ 4- ൽ എച്ച്.ഐ.വി ബാധിതർക്കുള്ള പോഷകാഹാര വിതരണം ജില്ലാ പഞ്ചായത്തുകളാണ് ഏറ്റെടുക്കേണ്ടതെന്നും, ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുവാൻ പാടില്ലെന്നും നിർദേശിച്ചിട്ടുണ്ട്. കൂടാതെ സ.ഉ(സാധാ) നം.653/13/ തസ്വഭവ തിയതി 15.3.13 പ്രകാരമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള എച്ച്.ഐ.വി/എയിഡ്സ് മാർഗ്ഗരേഖയിലെ ഖണ്ഡിക 4 ലും പദ്ധതി ജില്ലാപഞ്ചായത്തുകളാണ് നടപ്പിലാക്കേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതിയായതിനാലാണ് നടപ്പിലാക്കിയത് എന്ന വിശദീകരണമാണ് മെഡിക്കൽ ഓഫീസർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നൽകിയിട്ടുള്ളത്. പദ്ധതി നിയമാനുസൃതമാണെന്നും മാർഗ്ഗനിർദേശങ്ങൾ പാലിക്കുന്നുണ്ട് എന്നും ഉറപ്പുവരുത്തേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്.
മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പിലാക്കിയ സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-6 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

വി. ഇ.ഒ. നിർവഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾക്കായി പഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെയും പദ്ധതി പൂർത്തീകരിച്ചതിന്റയും വിവരങ്ങൾ നിർവഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചിട്ടില്ല. പദ്ധതി തുകയുടെ വിനിയോഗരേഖകൾ ലഭ്യമാക്കേണ്ടതാണ്.

| പ്രൊജക്ട് & നം | ബിൽ നം/ തിയതി | തുക | തുക കൈപ്പറ്റിയത് |
|---|---|---|---|
| IAY വിഹിതം (ജനറൽ) -143/15-16 | 4/28.12.15 | 500000 | ബി.ഡി.ഒ. പാലക്കാട് |
| IAY വിഹിതം (എസ്.സി.പി) -149/15-16 | 5/28.12.15 | 1000000 | ബി.ഡി.ഒ. പാലക്കാട് |
| IAY വിഹിതം (ജനറൽ) -208/15-16 | 26/31.3.16 | 1250000 | ബി.ഡി.ഒ. പാലക്കാട് |

## 3-7 മരാമത്ത് പ്രവൃത്തികൾക്ക് ഫൈൻ ഈടാക്കിയില്ല

മരാമത്ത് പ്രവൃത്തികളിലെ എഗ്രിമെന്റ് വ്യവസ്ഥ നം. 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്നാൽ കാലാവധിയുടെ അഞ്ചിലൊന്നു സമയം (20%) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന 3 മാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തികൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്തികൊണ്ട് മാത്രമേ കാലാവധി നീട്ടി നൽകാവൂ. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ ബില്ലിൽ നിന്നും നിബന്ധനപ്രകാരമുള്ള പിഴ ഈടാക്കാതെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

| പ്രൊജക്ട് | എഗ്രിമെന്റ് / അടങ്കൽ | പൂർത്തിയാക്കേണ്ട തിയതി | പൂർത്തിയാക്കിയ തിയതി | ബിൽ നം/ തുക | ഈടാക്കേണ്ട ഫൈൻ | റിമാർക്സ് |
|---|---|---|---|---|---|---|
| പി.എച്ച്.സി. ചുറ്റുമതിൽ (81/15)<br>MB – 52/ 21.11.14<br>കരാറുകാരൻ - രാജേഷ് | 52/21.11.14<br>95000 | 31.3.15 | 28.7.15 | 22/25.9.15 – 95000/- | 27-4-16 മുതൽ 28.7.16 = 95000 x1%<br>=950 | 1% ഫൈൻ ഈടാക്കണമെന്ന് ബില്ലിൽ AE & AXE നിർദേശിച്ചിട്ടുണ്ട് |
| പഞ്ചായത്ത് ഓഫീസ് പുനരുദ്ധാരണം (98/16) | 79/19.3.15<br>- 300000 | 31.3.15 | 24.8.15 | 30/12.10.15- 200000 | 5-4.15- 4-7-15 = 300000 x 1% = 3000 | പ്രവൃത്തിക്ക് കൂടുതൽ സമയം ആവശ്യമായതിനാൽ അനുവദിച്ചു എന്ന കാരണം അംഗീ |

| | | | | | | |
|---|---|---|---|---|---|---|
| MB-109 & 114/15<br>കരാറു കാരൻ<br>-റെജി.കെ.ഇ | | | | | 5-7-15 –<br>24-8-15 =<br>300000 x 2% x<br>51 / 90 =3400<br>ആകെ = 6400 | കരിക്കാവുന്നതല്ല |
| ഇരുവിളം കാട് കടിവെള്ള പദ്ധതി (83/15)<br>MB- 127/15<br>കരാറു കാരൻ- | 57/12.1.15<br>500000 | 31.3.15 | 27.7.15 | 23/25.9.15 - 500000 | 17-4 -15 to<br>16-7-15 =<br>500000 x 1% =<br>5000<br>17-7-15 to<br>27-7-15<br>=500000 x 2%<br>x 11/90 = 1222<br>ആകെ - 6222 | മെറ്റീരിയൽ കിട്ടാൻ വൈകി എന്ന കാരണം അംഗീകരി ക്കാവുന്നതല്ല |
| ചേലപ്പാറ റോഡ് മെറ്റലിംഗ് (73/16)<br>MB-<br>കരാറു കാരൻ - രാജേഷ് | 49/21.11.14<br>300000 | 31.3.15 | 7.5.15 | 7/30.6.15 | 27– 4-15 to<br>7-5-15 =<br>300000 x 1% x<br>11/ 90 =367 | "കരാറു കാരന്റെ അസുഖം" കാരണം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |

| | | | | | | |
|---|---|---|---|---|---|---|
| ഷോപ്പിംഗ് കോംപ്ലക്സ്-ടോയ് ലറ്റ് ബ്ലോക്ക് (88/16)<br>MB- 9,215, 217/15-16<br>കരാറുകാരൻ- ജിജി. കെ.ഇ | 77/19.3.15<br>400000/- | 31.3.15 | 10.12.15 | 61/29.1.16 - 40000 | 4-4-15 to 3-7-15 = 4000<br>4-7- 15 to 3-10-15 = 8000<br>4-10-15 to 10-12-15 = 622<br>ആകെ = 12622 | |
| | | | | | 26561 | |

ഈടാക്കാനുള്ള ഫൈൻ കരാറുകാരിൽ നിന്നോ എ.ഇ. യിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-8 മെയിന്റനൻസ് ഗ്രാന്റ് -റോഡ് നിർമ്മാണത്തിന് ചെലവഴിച്ചു.

സർക്കുലർ നം. 68/228/എഫ്.എം.1/12 തിയതി 28-11-2012 പ്രകാരം കൈമാറിക്കിട്ടിയ എല്ലാ റോഡുകളുടേയും അറ്റകുറ്റപണികൾ നടത്തിയ ശേഷവും മെയ്ന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മാത്രമേ മെറ്റലിംഗ്, കോൺക്രീറ്റിംഗ്, ടാറിംഗ് തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുക്കാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ റോഡുകൾക്കൊന്നും അറ്റകുറ്റപണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായി തീരുമാനമെടുത്തശേഷം ആയിരിക്കണം ഇപ്രകാരം മെയ്ന്റനൻസ് ഫണ്ട് നിർമ്മാണ പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നത്. എന്നാൽ 2015-16വർഷം ഈ നിർദ്ദേശം പാലിക്കാതെ റോഡുകളുടെ മെറ്റലിംഗ് ,ടാറിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾക്ക് മെയ്ന്റനൻസ് ഫണ്ട് വിനിയോഗിച്ചിട്ടുണ്ട് .

ഉദാ :ചേലപ്പാറ റോഡ് മെറ്റലിംഗ്(73/16) – 300000/-
കുളമുള്ളി വായനശാല റോഡ് മെറ്റലിംഗ്, ടാറിംഗ് (26/16)- 466000

മെയിന്റനൻസ് ഗ്രാന്റ് റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് വിനിയോഗിക്കുവാനും വകമാറ്റി ചെലവഴിക്കുന്നത് ഒഴിവാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-9 വാലിപറമ്പ് കുടിവെള്ളപദ്ധതി - പ്രവർത്തനക്ഷമമാക്കണം

വാലിപറമ്പ് കുടിവെള്ളപദ്ധതി (80/15)

അടങ്കൽ - 300000/-

കരാറുകാരൻ - ശ്രീ. രഞ്ജിത്ത്.പി

ബിൽ നം - 5/15-16/23.6.15 – 299988/-

പദ്ധതി പ്രകാരം ബോർവെൽ, മോട്ടോർ,പമ്പ് ഹൗസ്, പൈപ്പ് ലൈൻ എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്ത് സമിതിയുടെ 20.3.15 ലെ തീരുമാനപ്രകാരം വൈദ്യുതകണക്ഷൻ ഒഴിവാക്കി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. വൈദ്യുതകണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടോ എന്നും പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. പദ്ധതി പ്രവർത്തിപ്പിക്കുന്നതിന് അവശ്യം വേണ്ട ഇനമായ വൈദ്യുതി കണക്ഷൻ ഒഴിവാക്കിയതിനാൽ പദ്ധതിലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞില്ല.കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് പ്രവർത്തികളുടെ ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.ടെണ്ടർ ചെയ്യപ്പെടുന്ന പ്രവൃത്തിയുടെ അടങ്കലിനനുസരിച്ച് 300 മുതൽ 15000 രൂപവരെ മൂല്യമുള്ള ടെണ്ടർ ഫോറത്തിന്റെ സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കാത്തത് സാമ്പത്തിക ക്രമക്കേടുകൾക്ക് കാരണമാകാവുന്നതാണ്. ടെണ്ടർ ഫോറം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകുന്ന സെക്രട്ടറിയും ടെണ്ടർ ഫോറം തയ്യാറാക്കി കരാറുകാർക്ക് വിതരണം ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയറും ടെണ്ടർ ഫോറങ്ങളുടെ റസീപ്റ്റ്, ഇഷ്യൂ, ബാലൻസ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്തി വക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 പൊതുമരാമത്ത് പ്രവർത്തികൾ - ചട്ടങ്ങൾ പാലിക്കുന്നില്ല.

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള സാധന സാമഗ്രികളുടെ അളവ്, ഗുണനിലവാരം, വില, കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങൾ, കൂലി, മതിപ്പു ചെലവ് എന്നിവ മലയാളത്തിൽ തയ്യാറാക്കിവെക്കണം എന്ന നിബന്ധന പാലിക്കുന്നില്ല. ചട്ടം 17 അനുസരിച്ച് മരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും അടുത്ത ഗ്രാമസഭയിൽ വെക്കുകയും വേണം. സംക്ഷിപ്ത വിവരം പണി നടക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കണം. എന്നാൽ മേൽ വ്യവസ്ഥകൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല

കൂടാതെ സ.ഉ (പി) 13/2012/PWD തിയതി 1-2-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ കരാർ സംബന്ധിച്ച വ്യവസ്ഥകളും ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. 2015-16 വർഷത്തിൽ ടെണ്ടർ ലഭിച്ച കരാറുകാരുമായുള്ള എഗ്രിമെന്റ് വ്യവസ്ഥകൾ മാന്വലിലെ നിബന്ധനകൾക്കനുസരിച്ച് പരിഷ്കരിച്ചിട്ടില്ല. ആയതിനാൽ കാലഹരണപ്പെട്ട പല വ്യവസ്ഥകളും കരാറിൽ ഉൾപ്പെട്ടിട്ടുണ്ട്. എഗ്രിമെന്റ് വ്യവസ്ഥകൾ നിലവിലെ നിയമങ്ങൾക്കും ഉത്തരവുകൾക്കുമനുസൃതമായി തയ്യാറാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 75000 | icds പോഷകാഹാര വിഹിതം | 0 | 75000 |
| | 230180 | ഉഴവ് കൂലി | 230180 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വൈദ്യുതി ബോർഡ് മുണ്ടൂർ | വൈദ്യുതലൈൻ ദീർഘിപ്പിക്കൽ (137/16) | ഡി.ഡി നം - 282020/2.3.16 | 400000/ | 400000/ | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. |
| കോങ്ങാട് | " | ഡി.ഡി. നം- 282019/2.3.16 | 100000/- | 100000/- | " |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഒന്നുമില്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഒന്നുമില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 22681/- രൂപ ഈടാക്കിയിട്ടുണ്ട്

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി | റിമാർക്സ് |
|---|---|---|---|---|---|
| 2001-02 | 2-1 | 3840 | എച്ച്.എം മുണ്ടൂർ ഹൈസ്കൂൾ | 11503100683/ 17-6-2015 | |
| 2001-02 | 3-5 | 148 | ശ്രീമതി. കെ.എൻ.പാർവതി | 11503100744/ 24-6-2015 | |
| 2012-13 | 3-14 | 1000 | ശ്രീ.രഞ്ജിത്ത് കരാറുകാരൻ | 11503101924/ 14-09-2015 | |
| 2012-13 | 3-15 | 200 | ശ്രീ.സുധാകരൻ കരാറുകാരൻ | 11503101781/ 8-09-2015 | |
| 2012-13 | 3-15 | 300 | ശ്രീ.സുധാകരൻ കരാറുകാരൻ | 11503101782/ 8-09-2015 | |

| | | | | | |
|---|---|---|---|---|---|
| 2012-13 | 3-15 | 300 | ശ്രീ.സുധാകരൻ<br>കരാറുകാരൻ | 11503101783/<br>8-09-2015 | |
| 2012-13 | 3-14 | 555 | ശ്രീ.രഞ്ജിത്ത്<br>കരാറുകാരൻ | 11503102019/<br>18-09-2015 | |
| 2012-13 | 3-14 | 2222 | ശ്രീ.കെ.പി.തോമസ്<br>കരാറുകാരൻ | 11503102376/<br>5-10-2015 | |
| 2012-13 | 3-14 | 689 | ശ്രീ.കെ.പി.തോമസ്<br>കരാറുകാരൻ | 11503102378/<br>5-10-2015 | |
| 2001-02 | 3-2(2) | 407 | ശ്രീ.<br>പി.വി.കരുണാകരൻ<br>സെക്രട്ടറി | 11503103718/<br>8-1-2016 | |
| 2001-02 | 3-4 | 100 | ശ്രീ.വി.മീനാക്ഷി<br>പി.ടി.എസ് | 11503103719/<br>8-1-2016 | |
| 2012-13 | 2-2 | 12500 | കെ,എസ്. ഇ.ബി | 11503500027/<br>23-1-2016 | തൊഴിൽ നികുതി |
| 2007-08 | 2-3 | 420 | ഐ.ആർ. ടി.സി | 11503105774/<br>31-3-2016 | തൊഴിൽ നികുതി |
| ആകെ | | 22681 | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| 2007-08 | 3-2 | 2002-03 | 3.52 | ബസ്സ്റ്റാന്റ് കം-ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തി ആരംഭിച്ചിട്ടില്ല |
| 2010-11 | 3-6 | 2010-11 | 5.4.9 | വിവിധ പദ്ധതികൾ ക്കായി സി.ഡി.എസ്-ന് കൈമാറിയ വികസന ഫണ്ട് തുകയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന 954502 രൂ. സർക്കാരിലേക്ക് തിരിച്ചടയ്ക്കണം |
| 2009-10 | 3-4 | 2011-12 | 2.5 | പദ്ധതി നടത്തിപ്പിനായി കുടുംബശ്രീ അക്കൗണ്ടിലേക്ക് മാറ്റിയ തുകകൾ നിശ്ചിത ആവശ്യത്തിന് ചെലവഴിക്കുകയോ, മിച്ചം വന്ന തുക തിരിച്ച് അടയ്ക്കുകയോ ചെയ്യുന്നില്ല. ചെലവഴിക്കാതെ അവശേഷിക്കുന്ന 790000 രൂപ സർക്കാരിലേക്ക് തിരിച്ച് അടയ്ക്കണം |

| | | | | |
|---|---|---|---|---|
| | | | | |
| | | 2013-14 | 5.2.4 | അപകടാ വസ്ഥയിലുള്ള സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചു നീക്കിയില്ല |
| | | 2013-14 | 5.2.15 | വാഹന സൗകര്യമുള്ള സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ വർദ്ധന. |
| | | 2013-14 | 5.2.18 | വിദ്യാഭ്യാസ മേഖലയിൽ തദ്ദേശ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന തുകയിലധികവും എസ്.എസ്.എ. വിഹിതം |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ചതിന്റെ വിവരം | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാറ്റേർഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിന്റെ വിവരം |
|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| | പി.എച്ച്.സി. മുണ്ടൂർ | 28.9.2007 | - | - | | | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 43353798 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61574423 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 83520 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 56959 | ശ്രീ.അബ്ദുൾ റഹ് മാൻ.ഇ.എ.<br>സെക്രട്ടറി |
| 3-7 | | 26561 | ശ്രീമതി.ജയനിർമല.ബി<br>എ.ഇ |

| | | | |
|---|---|---|---|
| | | | |
| | | 83520 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 50005 | ഡോ.രോഹിണി.ജി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി,മുണ്ടൂർ |
| 3-1 | 513041 | ശ്രീ.അബ്ദുൾ റഹ് മാൻ.ഇ.എ. സെക്രട്ടറി |
| 3-2 | 99800 | ശ്രീ.അബ്ദുൾ റഹ് മാൻ.ഇ.എ.സെക്രട്ടറി |
| | 662846 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ജയനിർമല.ബി<br>എ.ഇ | എ.ഇ.<br>കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് | കെ.പി.ഹൗസ് 5/65, തെക്കേത്തറ അകത്തേത്തറ<br>പാലക്കാട് -678008 |
| ശ്രീ.അബ്ദുൾ റഹ് മാൻ.ഇ.എ.<br>സെക്രട്ടറി | വിരമിച്ചു | 30/400,മോനംകാവ്,<br>വെസ്റ്റ് യാക്കര<br>പാലക്കാട്-678001 |

# 4-10 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| 1998-99 | എൽ.എഫ്.പി17/225/10, 28.10.10 | ഫർദർ റിമാർക്സ് |
| 1999-00 | എൽ.എഫ്.പി17/225/10, 28.10.10 | ഫർദർ റിമാർക്സ് |
| 2000-01 | എൽ.എഫ്.പി17/225/10, 28.10.10 | ഫർദർ റിമാർക്സ് |
| 2001-02 | എൽ.എഫ്.പി12/840/06, 08.05.08 | ഫർദർ റിമാർക്സ് |
| 2002-03 | എൽ.എഫ്.പി12/363/06/5, 28.07.08 | ഫർദർ റിമാർക്സ് |
| 2003-04 | എൽ.എഫ്.പി.12-1173/08, 03.11.08 | ഫർദർ റിമാർക്സ് |
| 2004-05 | എൽ.എഫ്.പി17/1023/12, 09.07.12 | ഫർദർ റിമാർക്സ് |
| 2005-06 | എൽ.എഫ്.പി17/259/10, 22.02.11 | ഫർദർ റിമാർക്സ് |
| 2006-07 | എൽ.എഫ്.പി17/43/11(3), 15.12.11 | ഫർദർ റിമാർക്സ് |
| 2007-08 | എൽ.എഫ്.പി17/43/11(4), 15.12.11 | ഫർദർ റിമാർക്സ് |
| 2008-09 | എൽ.എഫ്.പി17/2127/11, 16.01.12 | ഫർദർ റിമാർക്സ് |
| 2009-10 | എൽ.എഫ്.പി17/2127/11, 16.01.12 | ഫർദർ റിമാർക്സ് |
| 2010-11 | എൽ.എഫ്.പി17/1419/13, 10.01.14 | ഫർദർ റിമാർക്സ് |
| 2011-12 | എൽ.എഫ്.പി17/1016/14, 30.07.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 to 2014-15 | | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്.

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി. / /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

ഫോൺ - 04912420145

e-mail – dopkd.ksad@kerala.gov.in

തിയതി - 10-8-2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്.ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2014-15 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

നൂനതകളുടെ സംഗ്രഹം

1. വിവിധ ബാങ്ക്/ ട്രഷറി ബാലൻസുകളും കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ തുകകൾ വായ്പകൾ സ്ഥാവര ജംഗമ ആസ്തികൾ തുടങ്ങിയ ആസ്തി ബാധ്യതകൾ പൂർണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

No.KSA-PKD17/2134/2016

Kerala State Audit Department
District Audit Office
Palakkad
Dated – 30.12.2016

Audit Certificate

Certified that I have examined the Annual Financial Statement of MUNDUR GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of MUNDUR GRAMA PANCHAYATH prepared in accordance with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015-2016 properly presents the picture of income, expenditure and closing balance except for the defects pointed in this certificate.

Deputy Director

Abstract of defects

1. Balance of amount to be obtained/to be paid in Bank/Treasury Accounts are not included and the assests and liabilities are also not mentioned in the Balance Sheet.

Deputy Director